ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.05.2025** **TIME : 07.25PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യ - പാക് സംഘർഷത്തിനിടെ പാകിസ്ഥാന് അനുവദിച്ച വായ്പ്പയ്ക്കുമേൽ കർശന നിബന്ധനകളുമായി ഐ എം എഫ്.

   **International Monetary Fund (IMF) has slapped 11 new conditions on Pakistan for the release of the next tranche of its bailout programme.**

2. രാജ്യത്തെ 60 കോടി ജനങ്ങൾക്ക് ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ഗുണഫലങ്ങൾ ലഭിക്കുന്നതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **60 crore Indians are taking advantage of Ayushman Bharat scheme: HM Amit Shah**

3. ആഗോള കത്തോലിക്കാ സഭയുടെ 267-ാമത് മാർപാപ്പയായി ലിയോ പതിനാലാമൻ ചുമതലയേറ്റു.

   **Pope Leo XIV officially became the 267th Pope of the Global Catholic Church.**

4. രാജ്യത്താദ്യമായി പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് റോബോട്ടിക്സ് സാങ്കേതികവിദ്യാ പഠനത്തിന് അവസരം ഒരുക്കി കേരളം.

   **Kerala provides opportunity for tenth grade students to study robotics technology for the first time in the country.**

5. ഹൈദരാബാദിൽ കെട്ടിടത്തിലുണ്ടായ തീപിടിത്തത്തിൽ മരിച്ചവരുടെ എണ്ണം 17 ആയി. അനുശോചിച്ച് രാഷ്ട്രപതിയുൾപ്പെടെ പ്രമുഖർ.

**17 killed in massive fire in Hyderabad. Prominent people including the President Condoles.**

6. സാഫ് അണ്ടർ -19 ഫുട്ബോൾ ഫൈനലിൽ ഇന്ന് ഇന്ത്യ - ബംഗ്ലാദേശ് പോരാട്ടം.

**In the SAFF Under-19 Football finals, India faces Bangladesh today.**

**&&&&&&&&&&&&&&&&&**

# HEADLINE 1

## IMF

ഇന്ത്യ - പാക് സംഘർഷത്തിനിടെ പാകിസ്ഥാന് അനുവദിച്ച വായ്പയ്ക്കുമേൽ കർശന നിബന്ധനകളുമായി അന്താരാഷ്ട്ര നാണയ നിധി . വായ്പയുടെ അടുത്ത ഗഡു അനുവദിക്കും മുൻപ് 11 നിബന്ധനകൾ പാലിക്കണം എന്നാണ് ഐഎംഎഫ് നിർദേശം. സംഘർഷം സാമ്പത്തിക മേഖലയ്ക്ക് ദോഷം ചെയ്യുമെന്ന മുന്നറിയിപ്പോടെയാണ് പുതിയ നിബന്ധനകൾ. 17.6 ട്രില്യൺ ഡോളർ വരുന്ന പുതിയ ബജറ്റിന് പാർലമെൻറിൻറെ അംഗീകാരം ലഭിക്കണം ഇതിന് പുറമെ വൈദ്യുതി ബില്ലിനത്തിലെ ബാധ്യത തീർക്കുന്നതിനായി സർചാർജ് വർധന, മൂന്ന് വർഷം പഴക്കമുള്ള ഉപയോഗിച്ച കാറുകളുടെ ഇറക്കുമതിയ്ക്ക് നിലവിലുള്ള നിയന്ത്രണങ്ങൾ നീക്കുക എന്നിവയും നിബന്ധനകളിൽ ഉൾപ്പെടുന്നു. ഇന്ത്യ - പാകിസ്ഥാൻ സംഘർഷം തുടരുന്ന നിലയുണ്ടായാൽ വായ്പയുമായി ബന്ധപ്പെട്ട പദ്ധതികൾ ലക്ഷ്യം കാണുന്നതിൽ ഭീഷണി നേരിടും എന്നും ഐ.എം.എഫ്. വ്യക്തമാക്കി.

**&&&&&&&&&&&&&&&&&**

## ALL PARTY DELEGATIONS

ഭീകരവാദത്തിനെതിരായ നിലപാട് വിവിധ രാജ്യങ്ങളെ ധരിപ്പിക്കുന്നതിന് സർവ്വകക്ഷി സംഘത്തെ അയയ്ക്കുമെന്ന് ഇന്ത്യ. 59 ഭരണ-പ്രതിപക്ഷ എംപിമാർ ഉൾപ്പെട്ട ഏഴു സംഘങ്ങൾ 32 രാജ്യങ്ങളിലും ബ്രസൽസിലെ യൂറോപ്യൻ യൂണിയൻ ആസ്ഥാനത്തും സന്ദർശനം നടത്തുമെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു. സംഘത്തിൽ ഉൾപ്പെട്ട എംപിമാരുടെ പേരുകൾ കേന്ദ്രമന്ത്രി സമൂഹമാധ്യമത്തിൽ പങ്കുവെച്ചു. കോൺഗ്രസ് നേതാവ് ശശി തരൂർ, ബിജെപിയുടെ രവിശങ്കർ പ്രസാദ്, ബൈജയന്ത് പാണ്ഡ, ജെഡിയുവിൻറെ സഞ്ജയ് കുമാർ ഝാ, ഡിഎംകെ അംഗം കനിമൊഴി, എൻസിപി അംഗം സുപ്രിയ സുലെ, ശിവസേനയുടെ ശ്രീകാന്ത് ഏകനാഥ് ഷിൻഡെ എന്നിവർ പ്രതിനിധി സംഘങ്ങളെ നയിക്കും.

&&&&&&&&&&&&&&&&&

## HEADLINE 2

## AMITH SHAH - GJ

രാജ്യത്തെ 60 കോടി ജനങ്ങൾക്ക് ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ഗുണഫലങ്ങൾ ലഭിക്കുന്നതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഗുജറാത്തിൽ മെഹ്സാന ജില്ലയിലെ ഗൊസാരിയയിൽ പുതുതായി നിർമ്മിച്ച നഴ്സിംഗ് കോളേജ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 10 വർഷത്തിനിടെ വിവിധ സർക്കാർ പദ്ധതികളിലൂടെ രാജ്യത്തെ ആരോഗ്യ മേഖലയിൽ വൻ മാറ്റങ്ങളാണ് ഉണ്ടായതന്നും ശ്രീ അമിത് ഷാ പറഞ്ഞു. നേരത്തെ അഹമ്മദാബാദിലെ സയൻസ് സിറ്റിയിൽ ഗുജറാത്ത് സംസ്ഥാന സഹകരണ യൂണിയൻ സംഘടിപ്പിച്ച സഹകരണ സമ്മേളനത്തെയും അദ്ദേഹം അഭിസംബോധന ചെയ്തു.

&&&&&&&&&&&&&&&&&

## HEADLINE 5

## TELANGANA FIRE

തെലങ്കാനയിലെ ഹൈദരാബാദിൽ കെട്ടിടത്തിലുണ്ടായ തീപിടിത്തത്തിൽ മരിച്ചവരുടെ എണ്ണം 17 ആയി. മരിച്ചവരിൽ 8 കുട്ടികളും 7 സ്ത്രീകളും ഉൾപ്പെടുന്നു. അപകട കാരണം വ്യക്തമല്ല. കേന്ദ്രമന്ത്രി ജി.കിഷൻ റെഡ്ഡി സംഭവ സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ അതീവ ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും നഷ്ടപരിഹാരം നൽകും. മരിച്ചവരുടെ ആശ്രിതർക്ക് തെലങ്കാന സർക്കാർ അഞ്ച് ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&

## NAGPUR-SHIVRAJ SINGH CHAUHAN- INTRO

ഒരു രാജ്യം ഒരു കൃഷി ഒരു ടീം എന്ന ലക്ഷ്യത്തിനായി ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലും മേഖലയിലെ പങ്കാളികളും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. നാഗ്പൂരിൽ, വിക്സിത് കൃഷി സങ്കൽപ് അഭിയാൻറെ ഭാഗമായി കർഷകരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. ഗുണമേന്മയുള്ള വിത്തുകൾ, മണ്ണ് പരിശോധന തുടങ്ങിയവയെപ്പറ്റി കർഷകർക്കു കൃത്യമായ ധാരണയുണ്ടാകണമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ്)

നാഷണൽ സോയിൽ സ്പെക്ട്രൽ ലൈബ്രറിയുടെ ഉദ്ഘാടനവും കേന്ദ്ര മന്ത്രി നിർവഹിച്ചു. മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസും യോഗത്തിൽ സന്നിഹിതനായിരുന്നു.

&&&&&&&&&&&&&&&&&

## EAM - NETHERLANDS VISIT

വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കറിന്റെ ത്രിരാഷ്ട്ര സന്ദർശനത്തിന് നാളെ തുടക്കമാകും. ആറ് ദിവസത്തെ പര്യടത്തിനിടെ അദ്ദേഹം നെതർലാൻഡ്സ്, ഡെൻമാർക്ക്, ജർമ്മനി എന്നീ രാജ്യങ്ങൾ സന്ദർശിക്കും. മൂന്ന് രാഷ്ട്രത്തലവൻമാരുമായി ശ്രീ ജയ്ശങ്കർ കൂടിക്കാഴ്ച നടത്തുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിന് വിദേശകാര്യമന്ത്രിമാരുമായും അദ്ദേഹം ചർച്ച നടത്തും.

&&&&&&&&&&&&&&&&&

## PIB -FACT CHECK

വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ സൗജന്യമായി ലാപ്ടോപ്പുകൾ നൽകുന്നു എന്നതരത്തിൽ പ്രചരിക്കുന്ന വാട്സ്ആപ്പ് സന്ദേശങ്ങൾ വ്യാജമാണെന്ന് പി.ഐ.ബി ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു. ഇത്തരത്തിൽ പ്രചരിക്കുന്ന ലിങ്കുകളിൽ ക്ലിക്ക് ചെയ്യരുതെന്നും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&

## MOS DEFENCE LIMA

മലേഷ്യയിലെ ലങ്കാവിയിൽ നടക്കുന്ന 17-ാമത് ലങ്കാവി ഇന്റർനാഷണൽ മാരിടൈം ആൻഡ് എയ്റോസ്പേസ് എക്സിബിഷനിൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ പ്രതിരോധ സഹമന്ത്രി സഞ്ജയ് സേത്ത് നയിക്കും. ഇന്ത്യൻ പവലിയനും അദ്ദേഹം ഉദ്ഘാടനം ചെയ്യും. ഈ മാസം 20 മുതൽ 24 വരെയാണ് പ്രദർശനം.

&&&&&&&&&&&&&&&&&

## HEADLINE 3

## POP SWEARING

ആഗോള കത്തോലിക്കാ സഭയുടെ 267-ാം മാർപാപ്പയായി ലിയോ പതിനാലാമൻ ഔദ്യോഗികമായി ചുമതലയേറ്റു. തുറന്ന വാഹനത്തിൽ വത്തിക്കാൻ ചത്വരത്തിലേക്ക് എത്തിയ മാർപാപ്പ വിശ്വാസികളെ ആശീർവദിച്ചു. കുർബാനമധ്യേ വലിയ ഇടയൻ്റെ വസ്ത്രവും സ്ഥാനമോതിരവും ഏറ്റുവാങ്ങി മാർപാപ്പ, സഭയുടെ സാരഥ്യം ഏറ്റെടുത്തു. സംഘർഷം ഒഴിവാക്കി ഐക്യത്തോടെയും സാഹോദര്യത്തോടെയും മുന്നോട്ടുപോകണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. വിവിധ സഭാപ്രതിനിധികളും രാഷ്ട്രത്തലവന്മാരും ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&

## HEADLINE 4

## ROBOTICS

രാജ്യത്താദ്യമായി പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് റോബോട്ടിക്സ് സാങ്കേതികവിദ്യ പഠിക്കാനും പ്രായോഗിക പരീക്ഷണങ്ങൾ നടത്താനും പുതിയ അധ്യയന വർഷം മുതൽ അവസരം ഒരുക്കി കേരളം. 4.3 ലക്ഷം വിദ്യാർത്ഥികൾക്കാണ് ഇതിന് അവസരം ലഭിക്കുന്നത്. കഴിഞ്ഞ അക്കാദമിക വർഷം ഏഴാം ക്ലാസിൽ മുഴുവൻ കുട്ടികൾക്കും നിർമ്മിത ബുദ്ധി പഠിക്കാൻ അവസരം നൽകിയിരുന്നു. ഇതിൻ്റെ തുടർച്ചയായാണ് 8, 9, 10 ക്ലാസിലെ ഐസിടി പാഠപുസ്തകങ്ങളിലും എഐ പഠനം ഉൾപ്പെടുത്തിയത്.

&&&&&&&&&&&&&&&&&

## CM - KERALA -INTRO

കോവിഡ് മഹാമാരി കാലത്തെ കേരളത്തിൻ്റെ പ്രവർത്തനങ്ങൾ മാതൃകാപരമായിരുന്നുവെന്ന് മുഖ്യമന്ത്രി

പിണറായി വിജയൻ. പാലക്കാട് ചിറ്റൂർ താലൂക്ക് ആശുപത്രി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോവിഡ് പ്രതിരോധത്തിന് മികച്ച ചികിത്സാ സംവിധാനമാണ് കേരളം ഒരുക്കിയതെന്നും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&

## KOZHIKODE

കോഴിക്കോട് പുതിയ ബസ് സ്റ്റാൻ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ടെക്സ്റ്റൈൽസിൽ വൻ തീപിടിത്തം. നഗരത്തിലെ വിവിധ ഫയർ യൂണിറ്റുകൾ തീ അണയ്ക്കാൻ ശ്രമം തുടരുകയാണ്. എയർപോർട്ടിൽ നിന്നും ഉൾപ്പടെ കൂടുതൽ ഫയർഫോഴ്സ് യൂണിറ്റുകൾ എത്തിയിട്ടുണ്ട്. പ്രദേശത്ത് കനത്ത ജാഗ്രതയാണ്. ജനങ്ങളെ ഒഴിപ്പിച്ചു. നഗരമാകെ പുക പടർന്നിരിക്കയാണ്. മന്ത്രി എ.കെ. ശശീന്ദ്രൻ സംഭവ സ്ഥലത്ത് എത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## HEADLINE 6

## FOOTBALL- SAFF U19

SAFF അണ്ടർ -19 ഫുട്ബോൾ ചാംപ്യൻഷിപ്പ് ഫൈനലിൽ ഇന്ന് ഇന്ത്യ ബംഗ്ലാദേശ് പോരാട്ടം. അരുണാചൽ പ്രദേശിലെ ഗോൾഡൻ ജൂബിലി സ്റ്റേഡിയത്തിൽ മത്സരം പുരോഗമിക്കുകയാണ്. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ ഒരു ഗോളിന് മുന്നിലാണ്.

&&&&&&&&&&&&&&&&&

## IPL-CRICKET

ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിനെതിരെ പഞ്ചാബ് കിംഗ്സിന് 10 റൺ ജയം. 220 റൺ വിജയലക്ഷ്യവുമായി ഇറങ്ങിയ രാജസ്ഥാൻ റോയൽസിന് നിശ്ചിത ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 209 റൺ നേടാനെ സാധിച്ചുള്ളു. രണ്ടാം മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസിനെതിരെ, ഗുജറാത്ത് ടൈറ്റൻസ് ഫീൽഡിങ് തിരഞ്ഞെടുത്തു.

**&&&&&&&&&&&&&&&&&**

## MAHA - NAGPUR TIRANGA RALLY

ഓപ്പറേഷൻ സിന്ദൂറിലൂടെ ലോകത്തിന് സ്വയം പര്യാപ്ത ഇന്ത്യയുടെ സൈനിക ശക്തിയും 'മെയ്ക്ക് ഇൻ ഇന്ത്യ' സംരംഭത്തിൻറെ വിജയവും മനസിലാക്കാൻ സാധിച്ച തായി മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് . നാഗ്പൂരിൽ സംഘടിപ്പിച്ച തിരംഗ യാത്രയ്ക്ക് ശേഷം മാധ്യമങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആഗോളതലത്തിൽ ഇന്ത്യൻ പ്രതിരോധ സേനയുടെ പ്രാധാന്യം വർദ്ധിച്ചുവരുന്നതായും ശ്രീ ഫഡ്നാവിസ് പറഞ്ഞു.

**&&&&&&&&&&&&&&&&&**

## IMD - WEATHER

അസം, മേഘാലയ, കർണാടകയുടെ ഉൾപ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ വരുന്ന അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. മലപ്പുറം മുതൽ കാസര്ഗോഡ് വരെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

**&&&&&&&&&&&&&&&&&**

## MANOHAR LAL-BRICS

ബ്രസീലിൽ നാളെ നടക്കുന്ന ബ്രിക്സ് ഊർജ മന്ത്രിമാരുടെ യോഗത്തിൽ കേന്ദ്ര ഊർജ മന്ത്രി മനോഹർലാൽ പങ്കെടുക്കും. ഊർജ സുരക്ഷ, താങ്ങാനാവുന്നതും സുസ്ഥിരവുമായ ഊർജ ലഭ്യത എന്നിവയെക്കുറിച്ച് ബ്രിക്സ് അംഗരാജ്യങ്ങളിലെ മന്ത്രിമാരുമായി കേന്ദ്രമന്ത്രി ചർച്ച നടത്തും.

**&&&&&&&&&&&&&&&&&&**

## US - TORNADOES

അമേരിക്കയിലുണ്ടായ ചുഴലിക്കാറ്റിൽ 27 പേർ മരിച്ചു.12 പേർക്ക് പരിക്കേറ്റിട്ടുണ്ട്.കെന്റക്കി, മിസ്സോറി തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ചുഴലിക്കാറ്റ് ദുരന്തം വിതച്ചത്. രക്ഷാപ്രവർത്തനം തുടരുകയാണെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

**&&&&&&&&&&&&&&&&&&**
**&&&&&&&&&&**
**&&&**